# 26.07.2018 ന് കുടുംബശ്രീ സംസ്ഥാനമിഷനിൽ വച്ച് നടന്ന യോഗത്തിന്റെ മിനിട്സ്

കുടുംബശ്രീ - ഹരിതകേരളംമിഷൻ - ഹരിത സഹായ സ്ഥാപനം ഹരിത കർമ്മസേനാപ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന് കുടുംബശ്രീ സംസ്ഥാന മിഷനിൽ വച്ച് 2018 ജൂലൈ 26ന് രാവിലെ 10 മണി മുതൽ 1 മണിവരെ നടത്തിയ യോഗത്തിന്റെ മിനിട്സ്

**പങ്കെടുത്തവർ:**

1. ശ്രീ. എസ്.ഹരികിഷോർ.ഐ.എ.എസ് - എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
2. ശ്രീ. ജഗജീവൻ.എൻ - കൺസൾട്ടന്റ് - മാലിന്യ നിർമ്മാർജ്ജന നിർവ്വഹണം, ഹരിതകേരളം മിഷൻ
3. ശ്രീമതി. നിരഞ്ജന.എൻ.എസ് - പ്രോഗ്രാം ഓഫീസർ - എം.ഇ, കുടുംബശ്രീ
4. ഡോ.ഷമീന.പി.എൻ - സ്റ്റേറ്റ് പ്രോഗ്രാം മാനേജർ - കളക്ടീവ്സ്, കുടുംബശ്രീ
5. ശ്രീ. രതീഷ്.എസ് - സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ - (എം.ഇ), കുടുംബശ്രീ
6. ശ്രീ. ശ്രീരാഗ്.കെ - ഗ്രീൻ വോർമ്സ്
7. ശ്രീ. അബ്ദുൾ ഗഫൂർ - ഒർഗിൻഡ്
8. ശ്രീ. മുസ്തഫ - ഒർഗിൻഡ്
9. ശ്രീ. സക്കീർ ഹുസൈൻ.പി.റ്റി - ഒർഗിൻഡ്
10. ശ്രീ. സൈഫുദ്ദീൻ പൂവൻചേരി - യൂണിവേഴ്സൽ ബയോഗ്യാസ്
11. ശ്രീ. എൻ.കെ ജയ്സോമനാഥൻ - ഐ.ആർ.ടി.സി
12. സൺടെക് ബയോഗ്യാസ് & ബയോ എനർജി സിസ്റ്റംസ്
13. ശ്രീ.പി.വി.നസീർ - എം-വേ കൺസൾട്ടന്റ്സ്
14. ഡോ. പി.വി.മജീദ് - എം-വേ കൺസൾട്ടന്റ്സ്
15. ശ്രീ.വിപിൻ - എം-വേ കൺസൾട്ടന്റ്സ്
16. ശ്രീ. ശ്രീനിവാസ് ദേശ്പാണ്ടേ - ഓൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റ്
17. ശ്രീ. മനോജ് - എ.ഐ.ഐ.എൽ.എസ്.ജി

18. ശ്രീ. ശ്രീകണ്ഠൻ. എൻ.വി – ഗ്രാമീണ പഠനകേന്ദ്രം
19. ശ്രീ. ജയരാജൻ.സി.ആർ – സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോർഴ്സ് ഡെവലപ്മെന്റ്
20. ശ്രീ. ക്രിസ്റ്റഫർ.എം – ക്രിസ് ഗ്ലോബൽ ട്രെയ്ഡേഴ്സ്
21. ശ്രീ. സജി സെബാസ്റ്റ്യൻ – എസ്.ഇ.യു.എഫ്
22. ശ്രീ. ബിജു ജേക്കബ് – വെൽഫെയർ സർവ്വീസസ് എറണാകുളം
23. ശ്രീ. പ്രേംലാൽ. ആർ – ഇ.ആർ.ഡി.സി.എസ്
24. ഡോ.സി.എൻ. മനോജ് – പെലിക്കൺ ഫൗണ്ടേഷൻ
25. അജിഷ ഷിബു – ആർച്ചന വുമൺസ് സെന്റർ
26. ശ്രീ. ഷിബു.കെ.എൻ – തണൽ
27. ശ്രീ. മാത്തച്ചൻ പുരയ്ക്കൽ – ഗാന്ധിജി സ്റ്റഡി സെന്റർ
28. ശ്രീ. ബിജു.പി.എസ് – നിയോ എനർജി
29. ശ്രീ. രാജേഷ് സോമൻ – ഗ്രീൻടെക്
30. ശ്രീ. സക്കറിയ ജോയ് – നോർത്താംപ്സ് ഇ.എൻ.വി സൊല്യൂഷൻസ്
31. സിമി ഫൈബർ പ്രോഡക്ട്സ്
32. ശ്രീ. ടി.കെ. മോഹനൻ – നിറവ്
33. ശ്രീ. വിഘ്നേഷ്.കെ.ആർ –. റാം ബയോളജിക്കൽസ്
34. ശ്രീ.പി.സുരേഷ് ബാബു – കേരള ഗ്രാമനിർമ്മാണ സമിതി
35. ശ്രീമതി. ടി.സുജാത – ഒലീന മഹിളാ സമാജം
36. ശ്രീ. സജിത്ത് വർമ്മ – റോയൽ അസോസിയേറ്റ്സ്

1) ആദ്യ ഘട്ടത്തിൽ ഓരോ ഹരിതസഹായ സ്ഥാപനവും ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം വീതം തിരഞ്ഞെടുത്ത് മാതൃകാപരമായി ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ട് പദ്ധതി ആരംഭിക്കുന്നത് ഉത്തമമായിരിക്കും എന്ന് വിലയിരുത്തപ്പെട്ടു.

   നടപടി : ഹരിതസഹായ സ്ഥാപനം

   തീയതി : 2018 ഒക്ടോബർ 1

2) ഹരിത സഹായ സ്ഥാപനങ്ങൾ ആദ്യഘട്ട പ്രവർത്തനത്തിനായി തിരഞ്ഞെടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് ശേഖരിച്ച് തൃശൂർ കിലയിൽ വച്ച് കുടുംബശ്രീ, ഹരിതകേരളംമിഷൻ, ഹരിത സഹായ സ്ഥാപനങ്ങൾ , തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ (സെക്രട്ടറി, പ്രസി

ഡന്റ്) എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ചർച്ച സംഘടിപ്പിക്കേണ്ടതാണ്.

നടപടി: കുടുംബശ്രീ സംസ്ഥാനമിഷൻ - മൈക്രോ സംരംഭ വിഭാഗം

തീയതി : 2018 സെപ്റ്റംബർ 26

3) ഹരിതകർമ്മസേന പ്രവർത്തനങ്ങളെക്കുറിച്ച് ഗ്രാമസഭ, അയൽക്കൂട്ടതല ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയാൽ പ്രവർത്തന പുരോഗതി എളുപ്പത്തിൽ നേടിയെടുക്കാൻ സാധിക്കുമെന്ന് വിലയിരുത്തപ്പെട്ടു.

4) ഹരിതകർമ്മസേനാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിറങ്ങിയ ഉത്തരവുകളിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ടെന്ന് ഹരിത സഹായ സ്ഥാപന പ്രതിനിധികൾ അഭിപ്രായപ്പെട്ടു.

5) യൂസർഫീയെക്കുറിച്ച് ഇറങ്ങിയ പ്രസ്താവനകൾ ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിച്ചുവെന്നും ഇത് പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെന്നും ഹരിത സഹായ സ്ഥാപന പ്രതിനിധികൾ അഭിപ്രായപ്പെട്ടു.

6) ഹരിതകർമ്മസേനയെ ഉയർന്ന നിലവാരത്തിലുള്ള ഒരു തൊഴിൽ ഗ്രൂപ്പായി മാറ്റേണ്ട പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് അഭിപ്രായപ്പെട്ടു.

7) ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ ജില്ലാതലത്തിലും, സംസ്ഥാന തലത്തിലും ഏകോപിപ്പിക്കേണ്ടത് വളരെ വേഗത്തിൽ ചെയ്യേണ്ട പ്രവർത്തനമാണെന്ന് വിലയിരുത്തപ്പെട്ടു.

8) ഹരിതകർമ്മസേന പ്രവർത്തനങ്ങൾ ഒരു മാനേജ്മെന്റ് ടീമിന്റെ നേതൃത്വത്തിലൂടെ നടപ്പിലാക്കിയാൽ ലാഭകരമായി നടപ്പിലാക്കാൻ സാധിക്കുമെന്ന് ഹരിതസഹായ സ്ഥാപനപ്രതിനിധികൾ അഭിപ്രായപ്പെട്ടു.

9) യൂസർഫീയും, മറ്റു ഫീകളും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നിർണ്ണയിക്കുന്നതാകും ഉത്തമമെന്നും, യൂസർഫീക്ക് നിശ്ചിത പരിധി നിശ്ചയിച്ചിട്ടുള്ളത് ഒഴിവാക്കുന്നതു നന്നാകുമെന്നും ഹരിതസഹായസ്ഥാപനങ്ങൾ അഭിപ്രായപ്പെട്ടു.

10) ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾക്കായി പരിശീലനം ലഭിച്ച അംഗങ്ങളുടെ എണ്ണം പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആവശ്യത്തിലധി

കമാണെന്നും ഇത് ലാഭകരമായ പ്രവർത്തന രീതിയ്ക്ക് വിഘാതമാകുമെന്നും ഹരിതസഹായസ്ഥാപനങ്ങൾ അഭിപ്രായപ്പെട്ടു.

11) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സെക്രട്ടറി, മെമ്പർ സെക്രട്ടറി, വി.ഇ.ഒ, എച്ച്.ഐ, വിദ്യാഭ്യാസ - ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗം, പ്രസിഡന്റ് / ചെയർമാൻ എന്നിവരുൾപ്പെടുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി ഓരോ മാസവും ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണെന്ന് വിലയിരുത്തപ്പെട്ടു.

12) ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കേണ്ടതും, ഈ രീതിയിൽ അധിക ബാധ്യതകൾ ഹരിതകർമ്മസേനയ്ക്ക് ഉണ്ടാകാതെ നോക്കേണ്ടതുമാണെന്ന് ഹരിതസഹായസ്ഥാപനങ്ങൾ അഭിപ്രായപ്പെട്ടു.

13) തൊഴിലുറപ്പു പദ്ധതിയുമായി ഹരിതകർമ്മസേനയെ ബന്ധപ്പെടുത്തുന്നത് ഉത്തമമായിരിക്കുമെന്ന് ഹരിതസഹായസ്ഥാപനങ്ങൾ അഭിപ്രായപ്പെട്ടു.

14) ഹരിതകർമ്മസേനാപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉത്തമ മാതൃകകളടങ്ങിയ 10 കേസ് സ്റ്റഡികൾ ഹരിതകേരളംമിഷൻ വഴി ലഭ്യമാക്കണമെന്ന് യോഗത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടു.

15) ഹരിതകർമ്മസേനയുടെ സാമ്പത്തിക സ്ഥിരതയ്ക്കായി മികച്ചയിനം പ്രകൃതി സൗഹൃദ സംരംഭ പ്രവർത്തനങ്ങളിലേയ്ക്ക് നിയിക്കേണ്ട ആവശ്യമാണെന്ന് ഹരിതസഹായസ്ഥാപന പ്രതിനിധികൾ അഭിപ്രായപ്പെട്ടു.

1/7

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**